**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 217**

# മൂന്ന് തലത്തിലുള്ള സമീപനങ്ങൾ

## THREE LEVELS OF APPROACH

ഓം ശ്രീ സായി രാം.

പ്രശാന്തി സന്ദേശം 217-ാം ഉപാഖ്യാനത്തിലേക്ക് സ്വാഗതം.

അദ്വൈത ശാസ്ത്രം(non-dualistic philosophy) വ്യക്തമായി പ്രഖ്യാപിക്കുന്നത്, നിങ്ങൾക്ക് ജ്ഞാനം അഥവാ സമ്യക് ജ്ഞാനം(correct and right knowledge) ഇല്ലാത്തിടത്തോളം, മോക്ഷം അസാധ്യമാണ് എന്നാണ്. മറ്റു വാക്കുകളിൽ, മോക്ഷത്തിലേക്ക് നിങ്ങളെ നയിക്കുന്നത് ജ്ഞാനമാണ്-മറ്റൊന്നുമല്ല!



എന്നാൽ ഉപാസന പിന്തുടരുന്ന ആളുകളുണ്ട്. ഉപാസന സൂചിപ്പിക്കുന്നത് പൂജ അഥവാ ധ്യാനം അഥവാ ഈശ്വര നാമം ആവർത്തിച്ചുള്ള ജപം ഇവയൊക്കെ ചെയ്യുകയാണ്. ഉപാസനയിൽ ഇത്തരത്തിലുള്ള ആചാരങ്ങൾ ഉൾപ്പെടുന്നു, ഇത്തരത്തിലുള്ള ആരാധന മറ്റെല്ലാറ്റിനേക്കാളും മഹത്തരമാണെന്ന് കരുതുന്ന ആളുകളുണ്ട്. എന്നാൽ അവർക്ക് തെറ്റിയിരിക്കുന്നു. അവർക്ക് തെറ്റിയിരിക്കുന്നു!

ആദിശങ്കരൻ തന്റെ ഭാഷ്യത്തിൽ ഉപാസനയെ പഴിക്കുന്നു, ഉപാസന നിങ്ങളെ ഒരിക്കലും മോക്ഷത്തിലേക്ക് അഥവാ മുക്തിയിലേക്ക് കൊണ്ടുപോവില്ല എന്ന് വ്യക്തമായി പറയുന്നു. എന്തായാലും ഒരു കാര്യം ഉറപ്പാണ്: മരണമല്ല പരിഹാരം. മരണം ഒരു രക്ഷപ്പെടൽ മാത്രമാണ്. ഈ ശരീരത്തിനുള്ളിൽ ജീവാത്മാവ്(individual soul) ഉണ്ട്. മരണം സംഭവിക്കുമ്പോൾ, അടുത്തത് എന്താണ് നടക്കുന്നത്? സ്ഥൂലശരീരം(gross body) പൊയ്പോവുന്നു. എന്നിരുന്നാലും, സ്ഥൂലശരീരത്തിന്റെ ശേഷികൾ സൂക്ഷ്മശരീര(subtle body)ത്തിനൊപ്പം തങ്ങുന്നു. സൂക്ഷ്മശരീരം നശിച്ചാലും, കാരണശരീരം(Casual body)അവിടെയുണ്ട്.




ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ ശരീരത്തിന്റെ വിവിധ അവയവങ്ങളും അംഗങ്ങളും ഉൾക്കൊള്ളുന്നതാണ് സ്ഥൂലശരീരം. മരണം സംഭവിക്കുമ്പോൾ, സ്ഥൂലശരീരം

പൊയ്പോവുന്നു, സൂക്ഷ്മശരീരമാണ് ബാക്കിയാവുന്നത്. ഈ സൂക്ഷ്മശരീരം രണ്ടു കാര്യങ്ങളാൽ വിരചിതമാണ്: ഒന്ന് മനസ്സാ(mind)ണ്, മറ്റേത് പ്രാണനും(life).




സൂക്ഷ്മശരീരത്തിൽ ഇവ രണ്ടുമാണുള്ളത്. സൂക്ഷ്മശരീരം പോയാലും, കാരണശരീരം അവശേഷിക്കുന്നു. എന്താണീ കാരണശരീരം? അവിദ്യ അഥവാ അജ്ഞാനം(ignorance) എന്നാണതിനെ വിളിക്കുന്നത്.

ഒരു ലളിതമായ ഉദാഹരണമിതാ: കുട്ടികൾ ചീട്ട് കളിക്കാറുണ്ട്. ചീട്ടു കൊണ്ട് അവരൊരു കൊട്ടാരം കെട്ടാനായി ശ്രമിക്കുന്നു. ഏറ്റവും മുകളിലുള്ള കാർഡ് താഴെപ്പോവുമ്പോൾ മുഴുവൻ കൊട്ടാരവും തകരുന്നു. ഇതേ പോലെ, കാരണശരീരം പോകാതെ സൂക്ഷ്മശരീരത്തിന് പോകാനാവില്ല. സ്ഥൂലശരീരം പോകാതെ സൂക്ഷ്മശരീരത്തിന് പുറത്തു വരാനാവില്ല. അതുകൊണ്ട്, സ്ഥൂലശരീരം പോകുമ്പോൾ, സൂക്ഷ്മശരീരം വെളിയിൽ വരുന്നു, എന്നിട്ട് കാരണശരീരവും അപ്രത്യക്ഷമാവുന്നു. ഒന്നിനു മുകളിലൊന്നായി നിന്ന് കൊട്ടാരം തീർക്കുന്ന ചീട്ടുകൾ പോലെ. ഇതാണ് നാം വ്യക്തമായി ഓർത്തിരിക്കേണ്ടത്.

ഇങ്ങനൊക്കെയായാലും, അടിസ്ഥാന തത്വം ഇതാണ്: ഒരുവൻ ജ്ഞാനം അഥവാ ആത്മാവബോധം(awareness of the self) അഥവാ പ്രജ്ഞ(consciousness)കൂടാതെ മരിക്കുകയാണെങ്കിൽ, അവൻ വീണ്ടും ജനിച്ചേ മതിയാകൂ, അവൻ ആരായിരുന്നാലും. അവനൊരു സാധാരണ വ്യക്തിയാവാം, ഒരു ഉപാസകനാവാം, ഒരു ഭക്തനാവാം. ഈ വ്യക്തികളിലാരെങ്കിലും ജ്ഞാനമില്ലാതെ മരിക്കുകയാണെങ്കിൽ, അവർക്ക് മോക്ഷം



നേടാനാവില്ല. ഇതൊരു അടിസ്ഥാന നിയമമാണ്. എന്തുകൊണ്ട്? ഉദാഹരണമായി, ഭക്തനെ എടുക്കുക. ഭക്തൻ ദേവതയെ ആരാധിച്ചുകൊണ്ടേയിരിക്കുന്നു. ഈ ആരാധനാ പ്രക്രിയയിൽ, അവൻ അവനെ ദേവതയിൽനിന്ന് ഭിന്നനായി കരുതുന്നു. ഭക്തൻ കരുതുന്നത് താൻ തന്റെ ഉപാസനാമൂർത്തിയിൽ നിന്ന് വ്യത്യസ്തനാണെന്നാണ്. അപ്പോൾ അവർക്കിടയിൽ സമവാക്യമില്ല. സമവാക്യമില്ലാത്തപ്പോൾ,

ലയനം അഥവാ സായൂജ്യം ഉണ്ടാവാൻ സാധ്യമല്ല, ഇത്തരം സാഹചര്യത്തിൽ ഒരു ലയനം(a merger) അസാധ്യമാണ്.

അതുകൊണ്ട്, ജ്ഞാനം എന്തെന്ന് നാം ഒരൊറ്റ വാചകത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. എന്താണ് ജ്ഞാനം? എന്താണ് സമ്യക് ജ്ഞാനം(right or correct knowledge)? 'ഞാൻ(I)' എന്നതാണ് പരമാർത്ഥം. അതാണ് സത്യം! മറ്റെല്ലാം അസത്യമാണ്! ഗത്യമെന്നത് 'ഞാൻ(I)' ആകുന്നു. അത് വ്യക്തി ബോധം, അവബോധം(individual consciousness, the awareness) ആകുന്നു. അതാണ് യാഥാർത്ഥ്യം! മറ്റെല്ലാം അയഥാർത്ഥമാണ്. അതാണ് അടിസ്ഥാന നിയമം!

എന്നിരിക്കിലും, നാം ഉപാസനയെ, ആചാരങ്ങളെ പഴിക്കുന്നില്ല, കാരണം അവയ്ക്ക് അവയുടേതായ ഫലങ്ങളുണ്ട്. ഉദാഹരണത്തിന്, നിങ്ങൾ പരീക്ഷ പാസ്സായാൽ,




നിങ്ങൾക്ക് ഒരു ചെറിയ ക്ലാർക്ക് ജോലി ലഭിക്കും. ഒരു ജില്ലാ കളക്ടറാവാം എന്ന് നിങ്ങൾക്ക് പ്രതീക്ഷിക്കാനാവില്ല. ഐ.എ.എസ്. പാസ്സാവാതെ നിങ്ങൾക്ക് ഒരു കളക്ടറാവാൻ പറ്റില്ല. അതുകൊണ്ട്, ഒരു കളക്ടറാവണമെങ്കിൽ, ഒരുവന് ജ്ഞാനം അഥവാ സമ്യക് ജ്ഞാനം ഉണ്ടായിരിക്കണം. ഇവിടെ കളക്ടർ എന്നത് മോക്ഷം അഥവാ മുക്തിയെ പ്രതിനിധീകരിക്കുന്നു. വ്യക്തമായെന്ന് ഞാൻ കരുതുന്നു.

ഇതിഹാസങ്ങളിൽനിന്നുള്ള ഒരു പാഠം എടുക്കുകയാണെങ്കിൽ, നമുക്ക് കാണാം കൃഷ്ണനിൽ നിന്നു തന്നെ ഭഗവത് ഗീത കേൾക്കാനുള്ള സത്ഭാഗ്യം സിദ്ധിച്ചുവെന്നാലും, അർജ്ജുനന് മോക്ഷം നേടാനായില്ല. കൃഷ്ണൻ അദ്ദേഹത്തെ അനുഗീതയും കേൾപ്പിച്ചു. അർജ്ജുനന് ഗീതയും അനുഗീതയും അവിടുന്ന് ഉപദേശിച്ചുകൊടുത്തു. അർജ്ജുനൻ കേട്ടെന്നാലും, അത് ശ്രവണം ആണ്, മറ്റു രണ്ട് ഗുണങ്ങളായ മനനവും നിദിധ്യാസവും അദ്ദേഹത്തിന് ഇല്ലായിരുന്നു. അപ്പോൾ, മറ്റു രണ്ട് ഗുണങ്ങളുടെ അഭാവം കാരണം, അർജ്ജുനന് കൃഷ്ണബോധ(Krishna Consciousness)വുമായി ലയിക്കാനായില്ല. അദ്ദേഹത്തിന് ഇന്ദ്രസായൂജ്യം മാത്രമാണ് ലഭിച്ചത്, അതിനർത്ഥം അദ്ദേഹത്തിന് ഇന്ദ്രനുമായി മാത്രമാണ് ലയിക്കാനായത്. അത്രമാത്രം. ഇന്ദ്രൻ ഒരു ദേവനാകുന്നു.

ഉദാഹരണത്തിന് മഹാഭാരതത്തിൽ നിന്ന് ഭീഷ്മരെ എടുക്കുക. ഭീഷ്മർ ധർമ്മരാജനെ എല്ലാ ഭരണതത്വങ്ങളും(principles of administration) പഠിപ്പിക്കുകയുണ്ടായി. അതു കൂടാതെ അദ്ദേഹം മോക്ഷധർമ്മവും പഠിപ്പിച്ചു, മോക്ഷം നേടാൻ അതു മാത്രമേ വേണ്ടൂ. ഭീഷ്മർ ധർമ്മരാജനെയും മോക്ഷധർമ്മം പഠിപ്പിക്കുകയുണ്ടായി. വാസ്തവത്തിൽ, ഈ മോക്ഷധർമ്മം ഭഗവത് ഗീതയുടെ നാലിരട്ടി വലിപ്പമുള്ളതാണ്. ഇതെല്ലാം വേദ വ്യാസൻ രചിച്ചതാണ്.



അപ്പോൾ, ഭീഷ്മർ അവരെ പഠിപ്പിച്ചതേയുള്ളൂ. പക്ഷേ അദ്ദേഹത്തിന് ജ്ഞാനം അഥവാ സമ്യക് ജ്ഞാനം(correct knowledge) ഇല്ലായിരുന്നു. അദ്ദേഹത്തിന് ഭക്തി ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഉപാസന ഉണ്ടായിരുന്നു, എന്നാൽ അദ്ദേഹത്തിൽ ജ്ഞാനം ഉണ്ടായിരുന്നില്ല, അ തുകൊണ്ട് അദ്ദേഹത്തിന് മോക്ഷം അഥവാ മുക്തി സിദ്ധിച്ചില്ല. ഭീഷ്മർക്ക്! സങ്കൽപിച്ചു നോക്കൂ!



ഭീഷ്മർ ശരശയ്യയിൽ

എട്ട് ദേവന്മാരുണ്ട്, അഷ്ട വസുക്കൾ. അവരിലൊരാൾ മാനവജന്മമെടുത്തതാണ് ഭീഷ്മർ. ഭീഷ്മർ ശരീരം ഉപേക്ഷിച്ചപ്പോൾ, അദ്ദേഹം തന്റെ അസ്സൽ അഷ്ട വസു രൂപത്തിലേക്ക് തിരികെ പോവുകയായിരുന്നു. അതൊരു ലയനം ആയിരുന്നില്ല. കാരാഗൃഹത്തിൽ നിന്നുള്ള മോചനം മാത്രമായിരുന്നു അത് എന്നർത്ഥം. ശരീരമാണാ ജയിൽ. അതുകൊണ്ട്, അദ്ദേഹം ജയിലിൽ ഭീഷ്മരായി തുടർന്നു. ശരീരം പൊയ്പോയപ്പോൾ, അദ്ദേഹം അഷ്ടവസു നിലയിലേക്ക് മടങ്ങി.

ഇത്രയൊക്കെയായാലും, ഞാൻ പറയട്ടെ മോക്ഷധർമ്മങ്ങളുടെ തൊണ്ണൂറ്റി ഒൻപത് ശതമാനവും നിങ്ങളെ മോക്ഷത്തിലേക്ക് കൊണ്ടുപോവുകയില്ല. അവയിൽ 99% ഉം! ഒന്നു മാത്രമാണ് നിങ്ങളെ മോക്ഷത്തിലേക്ക് നയിക്കുക. അതുകൊണ്ടാണ് നേതി സിദ്ധാന്തം(theory of negation) ഉള്ളത്. നേതി എന്നാൽ 'അല്ല'. നിഷേധം പറയുന്നത്, തൊണ്ണൂറ്റി ഒൻപത് മോക്ഷധർമ്മങ്ങളും പ്രയോജനമില്ലാത്തതാണെന്നാണ്.

ഒന്നു മാത്രമാണ് നിങ്ങളെ മോക്ഷത്തിലേക്ക് കൊണ്ടുപോകുന്നത്. അപ്രകാരമാണത്. എന്നാൽ ദുരാചാരങ്ങൾ പരിശീലിക്കാൻ ആഗ്രഹിക്കുന്നവരുണ്ട്. അവർ ദുരാത്മാക്കളെ ധ്യാനിക്കുന്നു, പിന്നെ അവർ കുറച്ച് ചമത്കാരങ്ങളൊക്കെ നടത്തുന്നു. ഇവിടെ നാം പറയേണ്ടതെന്തെന്നാൽ, അവർ ചെയ്യുന്ന അത്ഭുതകൃത്യങ്ങളിൽ പത്ത് ശതമാനം പോലും വിജയിച്ചേക്കില്ല എന്നതാണ്. 90 ശതമാനവും പരാജയമാണ്. എന്തുകൊണ്ട്? ഈ പരാജയങ്ങൾ സംഭവിക്കുന്നത് ഈശ്വരകൃപയാലാണ്. ഈശ്വരൻ അവരോട് പറയുന്നത് ഈ അത്ഭുതപ്രകടനങ്ങളിലല്ല കാര്യമിരിക്കുന്നത് എന്നാണ്. അതല്ല പരമമായത്! ദുരാത്മാക്കളെക്കൊണ്ട് പരിശീലിക്കുന്നവരുടെ പരാജയത്തെപ്പറ്റിയുള്ള വിവക്ഷയാണത്. യഥാർത്ഥത്തിൽ, ജ്ഞാനം, സമ്യക് ജ്ഞാനം(right wisdom) ആണ് ആവശ്യമുള്ളത്.

അതുകൊണ്ട്, നെറികെട്ട രീതിയിൽ തർക്കിക്കുന്ന ചില ആളുകളുണ്ട്. അവരെന്താണ് പറയുക? അവർ പറയുന്നു, ''മരണത്തിനു ശേഷം എന്താണ് സംഭവിക്കുക?'' ഈശ്വരൻ എല്ലായിടവുമുണ്ട്, ബ്രഹ്മം എല്ലായിടവുമുണ്ട്. അതുകൊണ്ട്, മരണശേഷം, ആത്മാവ് ബ്രഹ്മത്തിലേക്ക് തിരിച്ചു ചെല്ലും. ആത്മാവ് ബ്രഹ്മത്തിലേക്ക് തിരിച്ചു ചെല്ലുന്നത് എന്തുകൊണ്ടെന്നാൽ, ബ്രഹ്മം എല്ലായിടവുമുണ്ട്. ഇങ്ങനെയാണവർ പറയുക. എന്നാൽ, ഇത് നിരീശ്വരവാദ സമീപനമാണ്, പൊതു സമീപനമാണ്.

പക്ഷേ ഇനി നമുക്ക് രണ്ടാമത്തെ തലത്തിലേക്ക് പോവാം, ഉപാസനാ തലം. അവരെന്താണ് പറയുക? മരണത്തിനു ശേഷം എന്തു സംഭവിക്കുന്നു? പ്രാണശക്തി(life force) സുഷുമ്നാ നാഡിയിലൂടെ സഞ്ചരിക്കുന്നു. പ്രാണശക്തി നമ്മുടെയുള്ളിൽ സുഷുമ്നയിലൂടെ സഞ്ചരിക്കുന്നു, എന്നിട്ടത് സൂര്യനാഡിയിലേക്ക് പോകുന്നു. സൂര്യനാഡിയിലൂടെ സഞ്ചരിച്ച ശേഷം, പ്രാണശക്തി സൂക്ഷ്മശരീരത്തിൽ നിന്ന് പുറത്തുവന്ന്, മനസ്സ് നയിക്കുന്നപോലെ, പ്രാണൻ പിന്തുടരുന്നു.

സൂക്ഷ്മശരീരമെന്നത് മനസ്സിന്റെയും പ്രാണശക്തിയുടെയും ഒരു സംയോഗമല്ലാതെ മറ്റൊന്നുമല്ല. മനസ്സ് വഴി കാട്ടുന്നു, പ്രാണൻ അനുസരിക്കുന്നു. ഈ മനസ്സിന് പൂർവജന്മങ്ങളുടെ മുദ്രകളുണ്ടാവും, അവയെ നാം 'വൃത്തി' അഥവാ 'വാസനകൾ' എന്നു വിളിക്കുന്നു. പൂർവജന്മ വാസനകൾക്കനുസൃതമായാണ് മനസ്സ് പെരുമാറുക. ഉറക്കത്തിലും നടക്കുന്നവരെപ്പോലെയാണിത്-നിദ്രാടനം. അവർ നടക്കുകയാണെന്ന് അവർക്ക് ബോധമില്ല. നിദ്രാടകരെപ്പോലെയാണ് 'വൃത്തികൾ' അഥവാ 'വാസനകൾ' അഥവാ പൂർവജന്മ മുദ്രകൾ(impressions) നിങ്ങളെ നയിക്കുന്നത്.

ഇവിടെ നാം ഒരു കാര്യം അറിഞ്ഞിരിക്കണം. നമുക്ക് അദ്വൈത പ്രകൃതമാണുള്ളത്, ഇതിനർത്ഥം നമ്മുടെ പ്രകൃതം അജ്ഞാനമാണ്. പക്ഷേ ഈശ്വരശക്തി, മായാ ശക്തി, ഈ ദിവ്യശക്തിയെന്നത് വിദ്യാ പ്രകൃതിയാണ്, അത് വിദ്യയിൽ നിന്ന് ജനിച്ചതാണ്.

അതുകൊണ്ട്, ജീവാത്മാവ് പോയിക്കഴിഞ്ഞയുടനെ, സൂക്ഷ്മശരീരവും പോയിക്കഴിഞ്ഞയുടനെ, ഈ മായാ ശക്തി അഥവാ ദിവ്യശക്തിയാവും നിങ്ങളെ നയിക്കുക. ഈ ഉപാസന, അതായത് നിങ്ങൾ ആരാധിക്കുന്നത് ഗണേശനായിക്കോട്ടെ, ഹനുമാനാവട്ടെ, ദേവിയാവട്ടെ. നിങ്ങളുടെ ഇഷ്ടദേവത നിങ്ങളെ അവിടുന്നിനു സമീപത്തേക്ക് കൊണ്ടുപോകും. ഇതാണ് ഉപാസനയുടെ സങ്കൽപം. ഇത് വ്യക്തമാക്കിയെന്ന് ഞാൻ കരുതുന്നു.

അതുകൊണ്ട്, ചില ആളുകൾ പറയും ഞങ്ങൾ ആരാധിക്കുന്നത് ബ്രഹ്മത്തെയാണ്, ഞങ്ങൾ ആരാധിക്കുന്നത് സഗുണോപാസന(with attributes) ബ്രഹ്മത്തെയാണ് എന്ന്. പക്ഷേ അത് സമ്യക് ജ്ഞാനമല്ല, എന്തുകൊണ്ടെന്നാൽ ഗുണങ്ങൾ പ്രതിബന്ധമായി, തടസ്സമായി നിൽക്കും. ഇത്തരത്തിലുള്ള ആരാധന നിങ്ങളെ മോക്ഷത്തിലേക്ക് നയിക്കില്ല.

അപ്പോൾ, ഇത് വളരെ വളരെ വ്യക്തമാണിപ്പോൾ, നമുക്ക് 3 വീക്ഷണങ്ങളുണ്ട്. ഒന്ന് സാധാരണ മനുഷ്യന്റെ വീക്ഷണമാണ്. രണ്ടാമത്തേത് ഉപാസന അഥവാ ആരാധനയാണ്, മൂന്നാമത്തേത് ജ്ഞാനം, സമ്യക് ജ്ഞാന മാർഗം(the path of right knowledge) ആകുന്നു.

അപ്പോൾ, ഇതിൽ നിന്നൊക്കെ നമുക്ക് എങ്ങനെ പുറത്തു വരാം? നമ്മൾ എങ്ങനെ അറിയും? ഈ ഉപാസന(ആരാധന)യിൽനിന്ന് അഥവാ ഈ സാധാരണ മനുഷ്യന്റെ കാഴ്ചപ്പാടിൽ നിന്ന് നമുക്കെങ്ങനെ പുറത്തു വരാം? ഇതിൽ നിന്നൊക്കെ എങ്ങനെ പുറത്തു ചാടാം? സമ്യക് ജ്ഞാനത്തിലൂടെ നമുക്ക് എപ്രകാരം മുന്നേറാം?

അതാവാം നമ്മുടെ അവ്യാജമായ ചോദ്യം. ഉത്തരം ലളിതമാണ്. ഞാനൊരു സ്വപ്നം കാണുന്നു, എനിക്ക് സ്വപ്നാനുഭവങ്ങളുണ്ടാവുന്നു, സ്വപ്നത്തിൽ അവയെല്ലാം സത്യമാണെന്ന് ഞാൻ കരുതുന്നു. ഉണരുമ്പോൾ, അതൊക്കെ വ്യാജമാണെന്ന് ഞാനറിയുന്നു. ഇതേ രീതിയിൽ, നാം ഈ കപടതയിൽ നിന്ന് ഉണരണം, ഉണ്മയെന്തെന്ന് നമുക്ക് അറിയാൻ കഴിയത്തക്കവിധം.

എന്നാൽ നിർഭാഗ്യവശാൽ, നാം യഥാർത്ഥമെന്ന് കരുതുന്ന ഓരോന്നും, ഈ സമസ്ത ലോകവും, അവാസ്തവമാണ്(non-existent). സത്യം എന്നത് ജീവാത്മാവാണ്(individual self). ഉണ്മയായ ജീവാത്മാവിനെ നാം മറക്കുന്നു, മുഴുവൻ ലോകവും വാസ്തവമെന്ന് നാം ചിന്തിക്കുന്നു, അത് വ്യാജമാകുന്നു.

അതിനാൽ ഇക്കാര്യത്തിൽ നാം വളരെ വ്യക്തതയുള്ളവരാവണം. നമുക്ക് മോക്ഷ ത്തിനായി അഥവാ മുക്തിക്കായി ബ്രഹ്മജ്ഞാനം പിന്തുടരാം, അത് സമ്യക് ജ്ഞാന മാകുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി. നമുക്ക് പിന്നീട് കാണാം. സായിരാം!



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)